**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 822** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം വന ഡിവിഷനിലെ ജണ്ട നിർമ്മാണ അഴിമതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** 2019-21 കാലയളവിൽ തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ ഗുണനിലവാരമില്ലാത്ത ജണ്ടകൾ നിർമ്മിച്ചതിലൂടെ സർക്കാരിന് മൂന്ന് കോടിയോളം രൂപയുടെ നഷ്ടമുണ്ടായതുമായി ബന്ധപ്പെട്ട് 12/04/2022, 06/06/2022, 15/03/2025, 22/03/2025 എന്നീ തിയതികളിലെ അന്വേഷണ റിപ്പോർട്ടുകൾ വനം വകുപ്പ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u> അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.**

**(ബി)** പ്രസ്തുത ജണ്ട നിർമ്മാണത്തിലെ വീഴ്ച കാരണം എത്ര ഹെക്ടർ വനഭൂമി സർക്കാരിന് നഷ്ടമായി എന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u> അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.**

**(സി)** ജണ്ട നിർമാണത്തിന്റെ മറവിൽ, ഹെക്ടർ കണക്കിന് വനഭൂമി അനധികൃതമായി നാട്ടുകാർക്ക് വിട്ടു നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേട് മൂലം സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് മൂന്നാമത് ഒരു നിഷ്പക്ഷ ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u> അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.**

**സെക്ഷൻ ഓഫീസർ**